

21-10-2022

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Suraj S Editor : Dr. Saritha Vijayan K.

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/10/2022.

1. കൃഷിമന്ത്രി കർഷകരുടെ പ്രശ്നങ്ങളെ നേരിൽ കണ്ടു മനസ്സിലാക്കി പരിഹാരം കാണുന്ന കൃഷിദർശൻ എന്ന പരിപാടിക്ക് കൃഷി വകുപ്പ് ഈ മാസം 26 മുതൽ 29 വരെ തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ തുടക്കം കുറിക്കും. പരിപാടിക്ക് മുന്നോടിയായി മണ്ണുത്തി വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ ഈ മാസം 25 ന് എക്സിബിഷൻ ആരംഭിക്കും. 26 ന് ജില്ലയിലെ കൃഷി ഉദ്യോഗസ്ഥരുമായി മന്ത്രി കൂടിക്കാഴ്ച നടത്തും. 27 ന് ഉദ്യോഗസ്ഥർക്ക് ഒപ്പം കൃഷിയിടങ്ങൾ സന്ദർശിക്കും. കർഷകരുടെ കൃഷിസ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തുക, പ്രാദേശിക അടിസ്ഥാനത്തിൽ പ്രശ്നപരിഹാരങ്ങൾ സമയോചിതമായി നടപ്പാക്കുക, പ്രാദേശിക വിളകളെ പ്രോത്സാഹിപ്പിക്കുക, ഉൽപാദനം, സംസ്കരണം സംഭരണം വിപണനം എന്നിവ പരിപോഷിപ്പിക്കുക തുടങ്ങിയവ ഉൾകൊള്ളുന്ന ബൃഹത്തായ ഒരു പരിപാടിയാണ് കൃഷിദർശൻ.

2. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

3. കുറ്റൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം പദ്ധതി 2022-23 പ്രകാരം കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ കൃഷി ഭവനിൽ രേഖകൾ സമർപ്പിക്കേണ്ടതാണ്. ലിസ്റ്റിൽ പേരുള്ളവർ തന്നാണ്ടിലെ കരം അടച്ച രസീത്, ആധാർ, റേഷൻ കാർഡ് പകർപ്പ് ഇവയുമായി കൃഷി ഭവനിൽ എത്തണമെന്ന് കുറ്റൂർ കൃഷി ഓഫീസർ അറിയിച്ചു.

4. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലക്ക് കീഴിൽ പൂക്കോട് വെറ്ററിനറി കോളേജ് മൃഗാശുപത്രിയിൽ ആധുനിക മൃഗരോഗ നിർണ്ണയ ലാബോറട്ടറി ആരംഭിച്ചു. മൃഗങ്ങളിൽ സങ്കീർണ്ണരോഗങ്ങൾ നിർണ്ണയിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ ഉൾപ്പെടുത്തിയാണ് ലാബ് സജ്ജീകരിച്ചിരിക്കുന്നത്. കേരളത്തിലെ വടക്കൻ ജില്ല മൃഗസംരക്ഷണ സംരംഭകർക്കും, ഓമന മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും, കർഷകർക്കും ഏറെ പ്രയോജനകരമായ പ്രസ്തുത ലാബിൽ മൃഗങ്ങളിലെ വിവിധ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും, കൃത്യമായ ചികിത്സ ലഭ്യമാക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും. 21 തരം വിവിധ മൃഗങ്ങളുടെ രോഗനിർണ്ണയത്തിനാവശ്യമായ ഹെമറ്റോളജി അനലൈസർ, സിറം ബയോകെമിസ്ട്രി അനലൈസർ, ഹോർമോൺ അനലൈസർ, എലിസ, പി.സി..ആർ തുടങ്ങി ആധുനികങ്ങളായ വിവിധ രോഗനിർണ്ണയ സംവിധാനങ്ങൾ ഇവിടെയുണ്ടാകും.

5. ക്ഷീരവികസന വകുപ്പ് 90% സബ്സിഡിയോടെ ഒന്ന്, രണ്ട്, അഞ്ച്, പത്ത് എന്നിങ്ങനെ പശുക്കളുടെ എണ്ണമനുസരിച്ച് നാല് ഇനങ്ങളിലുള്ള ഡയറി യൂണിറ്റുകൾക്കായി മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന ഓഫീസുമായി ബന്ധപ്പെടുക.

6. എടത്വാ കൃഷിഭവനും മണ്ണ് പരിശോധന ലാബ് കളർകോടും സംയുക്തമായി സൗജന്യ മണ്ണ് പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഇതിനായി കർഷകർ ഇന്ന് (21.10.2022) തന്നെ 500 ഗ്രാം ഉണങ്ങിയ

മണ്ണ് സാമ്പിൾ കവറിലാക്കി ഒരു പേപ്പറിൽ പേര്, അഡ്രസ്സ്, സർവ്വേ നമ്പർ, വിസ്തീർണം, വിള എന്നിവ എഴുതി കൃഷിഭവനിൽ എത്തിക്കേണ്ടതാണ്.

7. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട 1750 പൂവൻ കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒന്നിന് അഞ്ച് രൂപ നിരക്കിൽ ഇന്ന് (21-10-2022) വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണിവരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ ഒക്ടോബർ 26 ,27, 28, 29 തീയതികളിലായി **മട്ടുപ്പാവ് കൃഷി, വീട്ടു മുറ്റത്തെ കൃഷി, ജൈവ കീടനാശിനികൾ, പഴങ്ങളുടെയും പച്ചക്കറികളുടെയും മൂല്യ വർദ്ധനവ്, വിവിധ തരം കംപോസ്റ്റുകൾ, ഹൈടെക് കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1000 രൂപയാണ് പരിശീലന ഫീസ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശമായോ tssvellayani@kau.in എന്ന ഇമെയിലിലേക്ക് അയക്കുകയോ, നേരിട്ട് കാർഷിക കോളേജ് വെള്ളായണിയിലെ സോഷ്യൽ സയൻസ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് സർവ്വീസ് സ്കീമിന്റെ ഓഫീസിലെത്തി ഈ മാസം 25-ന് (25/10/2022) ന് 3 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കർഷക പരിശീലന കേന്ദ്രം നവംബർ 2, 3, 4 തിയ്യതികളിൽ നേഴ്സറി പരിപാലനവും സസ്യ പ്രജനന രീതികളും എന്ന വിഷയത്തിൽ 30 കർഷകർക്ക് ത്രിദിന പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നും താൽപര്യമുള്ള കർഷകർ **0495-2373582** എന്ന ഫോൺ നമ്പറിൽ ഈ മാസം 26-ന് (26.10.2022) മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. ആദ്യം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ് എന്ന് കാർഷിക പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

10. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 26-ന് (ഒക്ടോബർ 26) **പോത്തുവളർത്തലിൽ** പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ ഓഫീസ് സമയങ്ങളിൽ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഒക്ടോബർ 28-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം